# വേളൂക്കര ഗ്രാമപഞ്ചായത്ത് കാര്യാലയം

കൊറ്റനെല്ലൂർ പി.ഒ 680662

E Mail-velukkaragpt@gmail.com Phone No. 0480-2860248

---

SC3/5375/2024 21.04.2025

**തദ്ദേശ അദാലത്ത് പോർട്ടൽ മുമ്പാകെ സമർപ്പിച്ച പരാതിയുമായി ബന്ധപ്പെട്ട് വേളൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിക്കുന്ന റിപ്പോർട്ട്**

(ഉചിത മാർഗ്ഗേന)

സർ,

വിഷയം : തദ്ദേശ അദാലത്ത്-ശ്രീ സുകുമാരൻ ആളൂർകരുവാ ൻ സമർപ്പിച്ച പരാതിക്ക് മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന : അങ്ങയുടെ 15.04.2025 തീയതിയിലെ ഇ മെയി ൽ സന്ദേശം

മേൽ വിഷയം സംബന്ധിച്ച് ഈ ഓഫീസിലെ ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന റിപ്പോർട്ട് സമർപ്പിക്കുന്നു.

വേളൂക്കര ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതുപ്രകാരം ശ്രീ ആളൂർക്കരുവാൻ വീട്ടിൽ അപ്പു മകൻ സുകുമാരൻറെ പേരിൽ വീടിനോട് ചേർന്ന് 100 ച.മീറ്റർ വിസ്തീർണ്ണമുള്ളതും 114/-രൂപ നികുതി അടവാക്കി വന്നിരുന്നതുമായ 8/303 നമ്പ ർ വർക്ക് ഷോപ്പ് കെട്ടിടം 2017 first half ൽ പൊളിച്ചു നീക്കിയിട്ടുള്ളതാണ്. പ്രസ്തുത സ്ഥാനത്ത് ടിയാ ൾ നിർമ്മിച്ചിട്ടുള്ള വർക്ക് ഷോപ്പ് കെട്ടിടനിർമ്മാണ ചട്ടം പാലിച്ചിട്ടില്ല എന്ന കാരണത്താൽ കെട്ടിടനമ്പർ അനുവദിച്ചിട്ടില്ലാത്തതാണ്. ആയതിനാൽ ടി വർക്ക് ഷോപ്പ് പ്രവർത്തനത്തിന് ലൈസൻസ് അനുവദിക്കുന്നതിനും കഴിഞ്ഞിട്ടില്ലാത്തതാണ് . ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ അപ്പീ ൽ നമ്പ ർ 54/2018 വിധി പ്രകാരവും ബഹു.കേരള ഹൈക്കോടതിയുടെ 19.12.2017 തീയതിയിലെ WP© No. 28103/2017 കേസിലെ ഉത്തരവ് പ്രകാരവും ശ്രീ സുകുമാരന്റെ വക അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് നിർദ്ദേശം ഉള്ളതാണ് .

പഞ്ചായത്ത് രാജ് സെക്ഷൻ 235 ഡബ്ല്യു പ്രകാരം പ്രൊവിഷൻ ഓർഡർ തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി

06.02.2019 തീയതി സംയുക്ത പരിശോധന നടത്തി നിലവിലുള്ള കെട്ടിടം അനധികൃതമാണ് എന്ന് സ്ഥിരീകരിച്ചിട്ടുള്ളതും ആയത് പ്രകാരം പ്രൊവിഷൻ ഓർഡർ നൽകുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തീകരി ച്ചിട്ടുള്ളതുമാണ്. ഇക്കാര്യം പഞ്ചായത്തിനുവേണ്ടി ഹാജരായിട്ടുള്ള അഡ്വ. ശ്രീ സദാനന്ദൻ നമ്പ്യാർ മുഖേന അറിവായിട്ടുള്ളതാണ്.

ഈ വിഷയം സംബന്ധിച്ച് ഇരിങ്ങാലക്കുട മുൻസിഫ് കോടതിയി ൽ OS No. 576/2020 നമ്പ ർ കേസ് , OS No. 525/2020 നമ്പ ർ കേസ് എന്നിവ നിലവിലുള്ളതാണ്. OS No. 576/2020 നമ്പ ർ കേസ് ഹിയറിംഗിനായി 18.06.2025 തീയതിയിലേക്കും (For steps) , OS No. 525/2020 നമ്പ ർ കേസ് ഹിയറിംഗിനായി 28.05.2025 തീയതിയിലേക്കും (Issue summons) മാറ്റിവച്ചിട്ടുള്ളതാണ്. നിലവിൽ കോടതിയുടെ പരിഗണനയിലുള്ള കേസായതിനാലും പഞ്ചായത്തും പഞ്ചായത്ത് സെക്രട്ടറിയും ടി കേസിൽ എതിർകക്ഷികളായതിനാലും കോടതി ഉത്തരവ്/അന്തിമവിധി ലഭിക്കുന്ന മുറക്ക് ഉത്തരവ് പ്രകാരമുള്ള തുടർനടപടി സ്വീകരിക്കുന്നതാണ് എന്ന വിവരം അങ്ങയുടെ മുമ്പാകെ സമർപ്പിക്കുന്നു.

OFFICE OF THE VELUKKARA GRAMA PANCHAYAT ★ P.O.KOTTANELLUR-680667 ★

Secretary
Velukkara Grama Panchaya.
P.O. Kottanellur
Ph:0480-2860248